പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5803 29.07.2015 ൽ മറുപടിക്ക്

# റോഡ് സുരക്ഷാ അതോറിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>,, കെ.എം.ഷാജി<br>,, പി.ബി. അബ്ദുൽ റസാക്<br>,, പി.കെ.ബഷീർ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | റോഡ് സുരക്ഷാ അതോറിറ്റി രൂപീകരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | പരമാവധി റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു സർക്കാരിന് വേണ്ട ഉപദേശങ്ങൾ നൽകി ജനങ്ങൾക്ക് സുരക്ഷിതമായ യാത്ര ഉറപ്പുവരുത്തുകയാണ് റോഡ് സുരക്ഷാ അതോറിറ്റി രൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യം |
| (ബി) | ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റാൻ അതോറിറ്റി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ ; | (ബി) | റോഡ് സുരക്ഷാ അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:<br>1. റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവരകണക്കുകൾ വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാദ്ധ്യതാമേഖലകളും (Accidents Prone Area) 216 അതീവ അപകട സാദ്ധ്യതാ മേഖലകളും (Black Spots) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിൽ പോലീസ് വകുപ്പിന് കീഴിൽ 149 ഹോം ഗാർഡുകളെ നിയമിക്കുകയും അപകടകാരണം വ്യക്തമായി കണ്ടെത്തി |

| | | | |
|---|---|---|---|
| | | | അപകടങ്ങൾ കുറയ്ക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ 54 അതീവ അപകട സാധ്യതാ മേഖലകളിൽ പരിഹാര നടപടി സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നാലര കോടി രൂപ നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പട്ടം ജംഗ്ഷനിൽ Red Light Violation Detection System വും കാര്യവട്ടം ജംഗ്ഷനിൽ Over speed Detection System ഉം സ്ഥാപിക്കുകയും പ്രവർത്തന രഹിതമായ സിഗ്നലുകൾ മാറ്റി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>2. **<u>മാതൃകാ റോഡ് പദ്ധതി</u>**<br>കൊല്ലം-കോവളം, മുട്ടം—തൊടുപുഴ, വൈറ്റില – മണ്ണുത്തി, തൊടുപുഴ – അങ്കമാലി, ശബരിമല റോഡുകളായ വടശ്ശേരിക്കര – പമ്പ, എരുമേലി – പ്ലാപ്പള്ളി എന്നി ആറ് റോഡുകളെ തെരഞ്ഞെടുത്ത് അപകട വിമുക്ത മാതൃകാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുമരാത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുകയും ട്രാഫിക് സിഗ്നൽ ലൈറ്റുകളും, സൈൻ ബോർഡുകളും, ആവശ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗത കുറയ്ക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീ |

| | | | |
|---|---|---|---|
| | | | കരിക്കുകയും ചെയ്യുന്നുണ്ട്. ചേർത്തല - മണ്ണുത്തി റോഡിനെ മാതൃകാ റോഡായി പ്രഖ്യാപിച്ചുകൊണ്ട് പ്രസ്തുത റോഡിലെ ജംഗ്ഷനുകളിലും, വീഥികളിലും Red Light Violation Detection System Over Speed Detection System, എന്നിവ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി അപകടരഹിത റോഡ് സംവിധാനത്തിനായുള്ള നടപടികൾ ഊർജ്ജിതമായി നടത്തി വരുന്നു.<br>**3. റോഡ് സുരക്ഷാ ബോധവൽക്കരണം**<br>എ. ദൃശ്യ – ശ്രാവ്യ, അച്ചടി മാധ്യമങ്ങളെ ഉപയോഗിച്ച് റോഡ് സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി വരുന്നു. ടിപ്പർലോറി / ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡുസുരക്ഷ പരിശീലനം നല്കുന്നു.<br>ബി. രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും, യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി അച്ചടിച്ച **"Safe Night Driving"** എന്ന ലീഫ് ലെറ്റുകൾ കേരളത്തിലെ മൂന്നു അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്യുന്നു.<br>സി. വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി 'റോഡ് **റെഗുലേഷൻസ്'** എന്ന ലീഫ് ലെറ്റുകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | ഡി. നാറ്റ്പാക്ക് തയ്യാറാക്കിയ **സ്കൂളിലേയ്ക്കുള്ള സുരക്ഷിത പാത** (Safe Road to School) എന്ന പുസ്തകത്തിന്റെയും, അധ്യാപക പഠന സഹായി (Teachers Manuel) എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**4. റോഡ് സുരക്ഷാ ക്ലബ്ബ് :** റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ/കോളേജുകളിൽ 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്കൂൾ/കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**5. കുട്ടികളിൽ റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ 'ശുഭയാത്ര' എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം 'യാത്ര' എന്ന പേരിൽ മാജിക് ഷോ, പ്രൊഫ. മുതുകാടിന്റെ നേതൃത്വത്തിൽ നടത്തി. സ്ക്കൂൾ കുട്ടികൾക്കായി റോഡ് സുരക്ഷാ ബോധവൽക്കരണ 'ഓട്ടൻതുള്ളൽ' പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണം സംബന്ധിച്ച് നെയിം** |

| | | | |
|---|---|---|---|
| | | | സ്ലിപ്പുകളും, ടൈംടേബിൾ കാർഡുകളും സ്കൂൾ കുട്ടികൾക്കായി വിതരണം ചെയ്തിട്ടുണ്ട്.<br>6. അപകടത്തിന് കാരണമായേക്കാവുന്ന അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന്ന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>7. ഫുട്പാത്ത് കൈയ്യേറുന്നവരെ ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ റോഡ് സുരക്ഷ ചെയർമാൻമാർ, സിറ്റി പോലീസ് കമ്മീഷണർ, ജില്ലാ പോലീസ് സൂപ്രണ്ട്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>8. ശബരിമല തീർത്ഥാടന കാലങ്ങളിൽ തീർത്ഥാടകരുടെ യാത്രാ സുരക്ഷ കണക്കിലെടുത്ത് 2010-2011 വർഷം മുതൽ മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് 'ശബരിമല സേഫ് സോൺ' പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഫലമായി തീർത്ഥാടന കാലയളവിൽ ഗണ്യമായ തോതിൽ റോഡപകടങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ